REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 26-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി VD സതീശൻ രാവിലെ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.
- അടുത്ത മാസം 21 ലെ NEET- UG പുനഃപരീക്ഷ സുരക്ഷിതവും, വിജയകരവുമാക്കാൻ കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും കത്തെഴുതി.
- സംസ്ഥാനത്തെ പ്ലസ് ടു പരീക്ഷാ ഫലം ഇന്ന്. ഒന്നാംവർഷ ഹയർസെക്കന്ററി പ്രവേശനത്തിന് ഓൺലൈൻ അപേക്ഷാ സമർപ്പണം ആരംഭിച്ചു.
- ഹജ്ജ് തീർത്ഥാടനത്തിലെ പ്രധാന ചടങ്ങായ അറഫ സംഗമം ഇന്ന്.
- IPL പ്ലേ ഓഫ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ ഒന്നാം ക്വാളിഫയറിൽ വൈകിട്ട് നേരിടും.

## വാർത്തകൾ വിശദമായി

**മുഖ്യമന്ത്രി VD സതീശൻ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. രാവിലെ 11.15-ന് പ്രധാനമന്ത്രിയുടെ ഓഫീസിലാണ് കൂടിക്കാഴ്ച. ഉച്ച കഴിഞ്ഞ് ധനമന്ത്രി നിർമല സീതാരാമനെയും മുഖ്യമന്ത്രി കാണും. ആഭ്യന്തര മന്ത്രി അമിത് ഷായുമായി VD സതീശൻ നാളെ കൂടിക്കാഴ്ച നടത്തും.**

✪✪✪

CBSE പരീക്ഷാഫലവുമായി ബന്ധപ്പെട്ട പരാതികളിൽ കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാന്, മുഖ്യമന്ത്രി VD സതീശൻ കത്തയച്ചു. നിരവധി വിദ്യാർത്ഥികൾക്ക് പ്രതീക്ഷിച്ചതിലും വളരെ കുറഞ്ഞ മാർക്കാണ് ലഭിച്ചതെന്ന പരാതി വ്യാപകമാണ്. തുടർന്ന് പുനർമൂല്യനിർണയ നടപടികളിലും പരാതി ഉയർന്നു. വെബ്സൈറ്റിലും, രജിസ്ട്രേഷനിലും, ഫീസടയ്ക്കുന്നതിലും ഉണ്ടായ ബുദ്ധിമുട്ടും മുഖ്യമന്ത്രി കത്തിൽ വിശദീകരിച്ചു.

✪✪✪

സംസ്ഥാനത്തെ ഉന്നത വിജിലൻസ് ഉദ്യോഗസ്ഥരുടെ യോഗം ഇന്ന് തിരുവനന്തപുരം PMG യിലെ വിജിലൻസ് ആസ്ഥാനത്ത് ചേരും. മന്ത്രി രമേശ് ചെന്നിത്തലയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ SP റാങ്ക് മുതൽ മുഴുവൻ ഉന്നത പൊലീസ് ഉദ്യോഗസ്ഥരും പങ്കെടുക്കും. ചെന്നിത്തല ആഭ്യന്തര മന്ത്രിയായി ചുമലയേറ്റ ശേഷം ചേരുന്ന ആദ്യ ഉന്നതതല യോഗമാണിത്.

✪✪✪

ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. വിദേശകാര്യ മന്ത്രി ഡോ. S.ജയ്ശങ്കർ യോഗത്തിൽ അധ്യക്ഷനായിരിക്കും. ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നിവോങ്, ജപ്പാൻ വിദേശകാര്യ മന്ത്രി തോഷിമിറ്റ്സു മൊട്ടേഗി, അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എന്നിവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

അടുത്ത മാസം 21 ന് നടത്താനിരിക്കുന്ന NEET- UG പുനഃപരീക്ഷ സുരക്ഷിതവും, വിജയകരവുമാക്കാൻ വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്രപ്രധാൻ സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും കത്തെഴുതി. മുഖ്യമന്ത്രിമാർക്കും, ലെഫ്റ്റനന്റ് ഗവർണർമാർക്കുമാണ് സഹകരണം തേടി, പ്രധാൻ കത്ത് നൽകിയത്.

വടക്കെ ഇന്ത്യയിലെ ഉഷ്ണതരംഗം പരിഗണിച്ച് പരീക്ഷാകേന്ദ്രങ്ങളിൽ ആവശ്യത്തിന് ശുദ്ധജലവും, ഇരിപ്പിട സൗകര്യങ്ങളും, ശൗചാലയങ്ങളും സജ്ജമാക്കണമെന്ന് കത്തിൽ പറയുന്നു. പരീക്ഷാദിവസം വേണ്ടത്ര വാഹന സൗകര്യമൊരുക്കണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

ആഭ്യന്തര മന്ത്രി അമിത്ഷാ രാവിലെ BSFന്റെ രാജസ്ഥാൻ സാഞ്ചു ബോർഡർ ഔട്ട്പോസ്റ്റ് സന്ദർശിക്കും. സുരക്ഷാ സേനാംഗങ്ങളുമായി സംവദിക്കുന്ന അദ്ദേഹം, ഏതാനും ക്ഷേമ പദ്ധതികളും ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ്, ബിക്കാനീറിലെ അതിർത്തി മേഖലയിലെ സുരക്ഷാ സ്ഥിതി അദ്ദേഹം അവലോകനം ചെയ്യും.

രാജ്യത്തെ അതിർത്തി പ്രദേശങ്ങൾ നേരിൽ കണ്ട് സുരക്ഷാ സ്ഥിതി അവലോകനം ചെയ്യുന്നതിന്റെ ഭാഗമായാണ് സന്ദർശനം.

✪✪✪

എബോള സാഹചര്യത്തിൽ രാജ്യത്തെ വിമാനക്കമ്പനികൾ പാലിക്കേണ്ട പൊതുനടപടികൾ സിവിൽ വ്യോമയാന ഡയറക്ടറേറ്റ് ജനറൽ പുറപ്പെടുവിച്ചു. ഉഗാണ്ട, കോംഗോ മേഖലയിൽ സർവീസ് നടത്തുന്ന കമ്പനികൾ യാത്രക്കാരെ പുറത്തിറക്കും മുമ്പ് അവരിൽ നിന്ന് രോഗബാധയില്ലെന്ന സത്യപ്രസ്താവന വാങ്ങേണ്ടതാണ്. പനിയോ, പേശീവേദനയോ, കടുത്ത ക്ഷീണമോ അടക്കം രോഗലക്ഷണങ്ങൾ പ്രത്യേകം നിരീക്ഷിക്കണം. ഇന്ത്യയിലെത്തി 21 ദിവസത്തിനകം ഇത്തരം ലക്ഷണങ്ങൾ കണ്ടെത്തുന്നവർ വൈദ്യസഹായം തേടുകയും, അക്കാര്യം വിമാനത്താവളത്തിലെ ആരോഗ്യ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

✪✪✪

ഗ്രാമ - നഗര സഹകരണ ബാങ്കുകളിൽ തുടർച്ചയായി പത്തു വർഷം കാലാവധി പൂർത്തിയാക്കിയ ഡയറക്ടർമാർ തുടർന്ന് ഇടവേളയെടുക്കണമെന്ന ഭേദഗതി റിസർവ് ബാങ്ക് നിർദ്ദേശിച്ചു. ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ലഭിക്കുന്ന പ്രതികരണം പരിശോധിച്ച് അടുത്ത ജനുവരിയോടെ കരട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്നും RBI അറിയിച്ചു.

✪✪✪

ജമ്മുകശ്മീരിലെ ഗുൽമാർഗിൽ റോപ്‌വേയിൽ കുടുങ്ങിയ 300 ലേറെ വിനോദ സഞ്ചാരികളെ ഏഴ് മണിക്കൂറോളം നീണ്ട രക്ഷാപ്രവർത്തനത്തിനൊടുവിൽ താഴെയെത്തിച്ചു. 65 കാബിനുകളിലെ യാത്രക്കാരാണ് സാങ്കേതിക പ്രശ്നത്തെ തുടർന്ന് 500 അടിയോളം ഉയരത്തിൽ കുടുങ്ങിപ്പോയത്. ദേശീയ ദുരന്ത നിവാരണസേന, SDRF, പൊലീസ്, സൈന്യത്തിലെ ചിനാർ കോർപ്സ് തുടങ്ങിയവർ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്തെ പ്ലസു ടു പരീക്ഷാ ഫലം ഇന്ന്. വൈകിട്ട് മൂന്നിന് മന്ത്രി N ഷംസുദ്ദീൻ തിരുവനന്തപുരത്ത് ഫലം ഔപചാരികമായി പുറത്തുവിടും.

തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി.

..........( വോയ്സ്)...............

✪✪✪

ഒന്നാംവർഷ ഹയർസെക്കന്ററി പ്രവേശനത്തിന് ഓൺലൈൻ അപേക്ഷാ സമർപ്പണം ആരംഭിച്ചു. ജൂൺ മൂന്നു വരെ പത്ത് ദിവസം ഏകജാലകം വഴി അപേക്ഷ നൽകാം.

✪✪✪

ഹജ്ജ് തീർത്ഥാടനത്തിലെ പ്രധാന ചടങ്ങായ അറഫ സംഗമം ഇന്ന്. മക്കയിലെ ജബലു റഹ്മയിൽ പ്രാർത്ഥനകളോടെ 18 ലക്ഷത്തിലധികം തീർഥാടകർ അണിനിരക്കും. നമിറ പള്ളിയിൽ ഉച്ചയ്ക്ക് പ്രത്യേക പ്രഭാഷണത്തിനും പ്രാർത്ഥനയ്ക്കും ശേഷമാണ് തീർഥാടകർ അറഫയിൽ സംഗമിക്കുന്നത്. സന്ധ്യയോടെ അറഫ വിടുന്ന തീർഥാടകർ പ്രാർത്ഥനയുമായി മുസ്ദലിഫയിലേക്ക് നീങ്ങും.

തുറന്ന ആകാശത്തിന് താഴെ വിശ്രമിച്ച ശേഷം നാളെ പുലർച്ചെ ജംറയിലെത്തി പിശാചിന്റെ പ്രതീകത്തിന് കല്ലെറിയുകയും മുടി മുറിക്കുകയും ചെയ്യുന്നതോടെ ഹജ്ജ് കർമ്മങ്ങൾക്ക് അർദ്ധവിരാമമാകും. തുടർന്ന് മിനായിലെ കൂടാരങ്ങളിലേക്ക് മടങ്ങുന്ന തീർഥാടകർ ബാക്കി കർമ്മങ്ങൾ പൂർത്തിയാക്കും.

✪✪✪

ലഹരിക്കെതിരെ കേരള പൊലീസ് നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയിൽ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ ബ്രാൻഡ് അംബാസിഡർമാരാകണമെന്ന് മന്ത്രി രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. സ്കൂൾ- കോളജ് കാമ്പസുകളിൽ ലഹരി വിൽക്കുന്ന അധോലോക സംഘങ്ങളെ ഇല്ലാതാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം വെങ്ങാനൂർ VPS ഹയർസെക്കണ്ടറി സ്കൂളിൽ SPC സഹവാസ ക്യാമ്പ് ' ഐക്യ -2026' ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ചെന്നിത്തല.

ക്യാമ്പിൽ 939 കേഡറ്റുകൾ പങ്കെടുത്തു. സെറിമോണിയൽ പരേഡിൽ മന്ത്രി കേഡറ്റുകളുടെ അഭിവാദ്യം സ്വീകരിച്ചു.

സംസ്ഥാന പൊലീസ് മേധാവിയടക്കം മുതിർന്ന ഉദ്യോസ്ഥരും ചടങ്ങിൽ സംബന്ധിച്ചു.

✪✪✪

ഇന്ധന വില വർധന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് വൈകിട്ട് മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പ്രതിഷേധം സംഘടിപ്പിക്കുമെന്ന് KPCC ജനറൽ സെക്രട്ടറി നെയ്യാറ്റിൻകര സനൽ തിരുവനന്തപുരത്ത് അറിയിച്ചു. കഴിഞ്ഞ രണ്ട് ആഴ്ചക്കിടെ നാല് തവണ ഇന്ധനവില വർധിപ്പിച്ചതിനെതിരെയാണ് പ്രതിഷേധം.

✪✪✪

സത്യപ്രതിജ്ഞ ചെയ്തു പത്ത് ദിവസമായപ്പോഴേക്കും മുഖ്യമന്ത്രി VD സതീശന്റെ മുഖംമൂടി അഴിഞ്ഞു വീണെന്ന് BJP മുൻ സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ കുറ്റപ്പെടുത്തി. UDF അധികാരത്തിൽ എത്തിയാൽ 10 മിനിറ്റു കൊണ്ട് മുനമ്പം പ്രശ്നം പരിഹരിക്കുമെന്ന വാഗ്ദാനം തെരഞ്ഞെടുപ്പ് തന്ത്രമായിരുന്നുവെന്നും സുരേന്ദ്രൻ തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

യൂത്ത് കോൺഗ്രസ് നേതാക്കളെ മർദ്ദിച്ച കേസിൽ പ്രതികളായ മുൻമുഖ്യമന്ത്രി പിണറായി വിജയന്റെ ഗൺമാൻ അനിൽകുമാർ, സുരക്ഷ ഉദ്യോഗസ്ഥൻ സന്ദീപ് എന്നിവർ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ ആലപ്പുഴ ജില്ലാ സെഷൻസ് കോടതി ഇന്ന് പരിഗണിക്കും. ആലപ്പുഴ MLA, A.D തോമസ്, യൂത്ത് കോൺഗ്രസ് നേതാവ് അജയ് ജൂവൽ കുര്യാക്കോസ് എന്നിവർക്കാണ് മർദ്ദനത്തിൽ പരിക്കേറ്റത്.

✪✪✪

ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കാഡറ്റുകളുടെ അഭ്യാസ മുറകൾ ഇന്ന് പ്രദർശിപ്പിക്കും. വ്യാഴാഴ്ചത്തെ പാസിംഗ് ഔട്ട് പരേഡിന് മുന്നോടിയാണ് പ്രദർശന പരിപാടി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

..............(വോയ്സ്)................

✪✪✪

**IPL പ്ലേ ഓഫ് ക്രിക്കറ്റിൽ നിലവിൽ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ ഒന്നാം ക്വാളിഫയറിൽ ഇന്ന് നേരിടും. വൈകിട്ട് ഏഴരയ്ക്ക് ധർമ്മശാലയിലാണ് മത്സരം. ഇതിലെ വിജയി നേരിട്ട് IPL ഫൈനലിലെത്തും. തോൽക്കുന്ന ടീമിന് രണ്ടാം ക്വാളിഫയറിൽ ഒരവസരം കൂടി ലഭിക്കും.**

**കഴിഞ്ഞ ദിവസം പഞ്ചാബ് കിംഗ്സിനെ തോൽപ്പിച്ചതോടെ പ്ലേ ഓഫിലെത്തുന്ന ആദ്യ ടീമായി റോയൽ ചലഞ്ചേഴ്സ് മാറി. 14 കളികളിൽ നിന്ന് 18 പോയിന്റും നെറ്റ് റൺ റേറ്റുമായി പട്ടികയിൽ ഒന്നാം സ്ഥാനത്താണ് ചലഞ്ചേഴ്സ്.**

✪✪✪

**മഡ്ഗാവോയിൽ സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഗ്രൂപ്പ് B യിലെ ആദ്യ മത്സരത്തിൽ ഇന്ത്യ മാലദ്വീപിനെ മറുപടിയില്ലാത്ത 11 ഗോളിന് തോൽപ്പിച്ചു.**

**ഇന്ത്യ ഞായറാഴ്ച അടുത്ത മത്സരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ബംഗ്ലാദേശിനെ നേരിടും.**

✪✪✪

**പയ്യന്നൂരിൽ 22ാ-മത് സംസ്ഥാന മിനി ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിൽ മലപ്പുറത്തിന് കിരീടം. കാസർകോടിനെയാണ് മലപ്പുറം തോൽപ്പിച്ചത്.**

✪✪✪

**എലൈറ്റ് ഡിവിഷൻ ഫുട്ബോൾ ടൂർണമെന്റ് കിരീടം മലപ്പുറം കൊണ്ടോട്ടി EMEA കോളേജ് കരസ്ഥമാക്കി. ഇന്നലെ കോട്ടപ്പടി സ്റ്റേഡിയത്തിൽ സോക്കർ ക്ലബ് മലപ്പുറത്തെ മറുപടിയില്ലാത്ത നാല് ഗോളിനാണ് അവർ പരാജയപ്പെടുത്തിയത്. സാറ്റ് തിരൂരാണ് റണ്ണേഴ്സപ്പ്.**

✪✪✪

**സംസ്ഥാനത്ത് നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ നാല് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.**

കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കുണ്ട്.

✪✪✪

കേരള സർവകലാശാലാ യൂണിയൻ തിരഞ്ഞെടുപ്പ് ഫലം വന്നതിനു പിന്നാലെ തിരുവനന്തപുരം പാളയത്ത് രാത്രി SFI- KSU സംഘർഷമുണ്ടായി. മൂന്നു വട്ടം ജലപീരങ്കി പ്രയോഗിച്ചാണ് പൊലീസ് വിദ്യാർത്ഥികളെ പിരിച്ചുവിട്ടത്. സർവകലാശാലാ യൂണിയൻ തിരഞ്ഞെടുപ്പിൽ 37 ൽ 35 സീറ്റും SFI സ്വന്തമാക്കി.

✪✪✪

സപ്ലൈകോ വില്പനശാലകൾ നാളെ തുറന്നു പ്രവർത്തിക്കുമെന്ന് അധികൃതർ അറിയിച്ചു. 28 ന് വില്പനശാലകൾക്ക് അവധിയായിരിക്കും. നാളെ സപ്ലൈക്കോ മെഡിക്കൽ സ്റ്റോറുകൾക്ക് അവധിയാണ്. ബക്രീദ് പ്രത്യേക കിറ്റ് വില്പനയും നാളെ വരെ നീട്ടിയിട്ടുണ്ട്.

✪✪✪

ഭിന്നശേഷി പെൻഷൻ 3,000 രൂപയാക്കി ഉയർത്തണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് മുഖ്യമന്ത്രി VD സതീശന് നിവേദനം നൽകി. ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചതായി KFB ഭാരവാഹികൾ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി, ശരണ്യ രാജൻ,*
*DEO : ഷീബ*